# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 08

# വാർത്താക്കുറിപ്പ്

## എം.ജി. യു.ജി. ഏകജാലകം:

## ഒന്നാം സപ്ലിമെന്ററി അലോട്മെന്റായി

**– അർഹരായവർ ജൂലൈ 10ന് വൈകിട്ട് നാലിനകം കോളേജുകളിൽ പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ഏകജാലകം വഴി യു .ജി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. സപ്ലിമെന്ററി അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവകലാശാല അക്കൗണ്ടിൽ ഫീസടച്ച് അലോട് മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങൾ സഹിതം ജൂലൈ 10 ന വൈകിട്ട് നാലിനകം അലോട്മന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടണം . ജൂലൈ 10 നകം ഫീസ് അടയ്ക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട് മെന്റ് റദ്ദാക്കും.

(പി.ആർ.ഒ./39/1288/2019)

## പ്രാക്ടിക്കൽ പുനക്രമീകരിച്ചു

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ ജൂലൈ 11,12 തീയതികളിൽ നടത്താനിരുന്ന എം .എ. നാലാം സെമസ്റ്റർ കഥകളി -സംഗീതം സി .എസ്.എസ്. ( 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി , 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 16, 17 തീയതികളിലേക്ക് മാറ്റി പുനക്രമീകരിച്ചു . വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1289/2019)

## പരീക്ഷ ഫലം

2019 ജനവരിയിൽ നടന്ന ഒമ്പതാം സെമസ്റ്റർ ഡി .ഡി.എം.സി.എ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1290/2019)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ഐ .എം.സി.എ.(പുതിയ സ് കീം 2018 അഡ്മിഷൻ റഗുലർ , 2017 അഡ്മിഷൻ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. ( സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 11ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1291/2019)

## സിനീയർ ഹാർഡ്‌വെയർ/
## നെറ്റ്‌വർക്ക് എൻജിനീയർ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എൻജിനീയർ തസ്തികയിലേക്ക് നിയമനത്തിനായി വാക് -ഇൻ-ഇന്റർവ്യൂ ജൂലൈ 11ന് നടക്കും. ഒരൊഴിവാണുള്ളത്. ഒരു വർഷത്തേക്കാണ് നിയമനം. സർവകലാശാല ഭരണവിഭാഗം ഓഫീസിലാണ് ഇൻർവ്യൂ നടക്കുക . വിശദവിവരം www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും . ഫോൺ: 0481 2733303.

(പി.ആർ.ഒ./39/1292/2019)

## വാക്-ഇൻ-ഇന്റർവ്യൂ ജൂലൈ 10ന്

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിൽ റിസർച്ച് അസോസിയേറ്റിന്റെ ഒഴിവിലേക്ക ന ടത്താനിരുന്ന വാക്-ഇൻ-ഇന്റർവ്യൂ ജൂലൈ 10ന് സ്‌കൂൾ ഓഫ് ബയോസയൻസസിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1293/2019)

## ജീവനക്കാർക്കുള്ള പരിശീലനം ഇന്ന് (ജൂലൈ 9)

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെക്ഷൻ ഓഫീസർമാർക്ക് ഇ -ഗവേണൻസിലൂടെയുള്ള മികച്ച ഭരണനിർവഹണത്തെക്കുറിച്ചും ഇ -ഫയൽ സംവിധാനത്തെക്കുറിച്ചും നൽകുന്ന പരിശീലനം ഇന്ന്(ജൂലൈ 9) നടക്കും. സർവകലാശാല ഹ്യൂമൻ റിസോഴ് സ് ഡെവലപ് മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കാമ്പസിലെ സ് കൂൾ ഓഫ് പ്യുവർ അപ്ലൈഡ് ഫിസിക് സ്, സ്‌കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസ് സെമിനാർ ഹാളുകളിൽ രാവിലെ 10.30 മുതലാണ് പരിശീലനം.

(പി.ആർ.ഒ./39/1294/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ